**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3280** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോടതി ഉത്തരവ് പ്രകാരം അവകാശം ലഭിക്കുന്ന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോടതി ഉത്തരവ് പ്രകാരം അവകാശം ലഭിക്കുന്ന ഭൂമിയുടെ പോക്കുവരവിനായുള്ള അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടികിടക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കോടതി ഉത്തരവുകൾ മറികടന്ന് പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷ താലൂക്ക് ഓഫീസുകളിൽ നിന്ന് കളക്ടറേറ്റുകളിലേക്ക് നിയമോപദേശത്തിന് നൽകാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കോടതി ഉത്തരവുകൾക്ക് വിരുദ്ധമായി പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷകളിൽ നിയമോപദേശം ആവശ്യമായി വരുന്നവ ജില്ലാ കളക്ടർ വഴി ജില്ലാ ലോ ഓഫീസർക്ക് നിയമോപദേശം നൽകുന്നതിന് നൽകാറുണ്ട്. |
| (സി) | 2010 മുതൽ അത്തരത്തിലുള്ള എത്ര പരാതികളാണ് സംസ്ഥാനത്തെ വിവിധ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | അത്തരത്തിലുള്ള പരാതികൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നില്ല. ആയതിനാൽ താലൂക്ക് തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കിയിട്ടില്ല. |
| (ഡി) | ഇതുസംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; വിശദാംശം നൽകുമോ? | (ഡി) | അത്തരത്തിലുള്ള പരാതികൾ താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നില്ല. ആയതിനാൽ താലൂക്ക് തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ